# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1902      14.07.2011-ൽ മറുപടിക്ക്

## കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ പഴക്കം ചെന്ന വാട്ടർ സപ്ലൈ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, പഞ്ചായത്തുകൾക്ക് വേണ്ടി ഹഡ്കോ പദ്ധതിയിൽപ്പെടുത്തി ശുദ്ധജലം പുതുവൈപ്പിനുള്ള ഭൂതല സംഭരണിയിൽ എത്തിക്കുന്നുണ്ടെങ്കിലും വിതരണ സംവിധാനത്തിന്റെ അപര്യാപ്തത മൂലം വേണ്ടവിധം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ഇത് കണക്കിലെടുത്ത് GIDA ധന സഹായത്തോടെ കുടിവെള്ളവിതരണ സംവിധാനം മെച്ചപ്പെടുത്താൻ മൂന്ന് പഞ്ചായത്തുകൾക്കും പൂർണ്ണമായി വെള്ളം എത്തിക്കാൻ കഴിയത്തക്ക രീതിയിൽ പഴയ പൈപ്പുകൾ മാറ്റുന്നതിനും, പൈപ്പുകൾ ഇല്ലാത്തിടത്ത് പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 3220 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധിക ചിലവായി പ്രതീക്ഷിക്കുന്ന 2465 ലക്ഷം രൂപ ഉൾപ്പെടെ 5685 ലക്ഷം രൂപ ചിലവാക്കുന്നതിനുള്ള അനുമതിയും |

പിടിച്ചിട്ടുണ്ട്.

പദ്ധതിയുടെ സൂക്ഷ്മമായ നടത്തിപ്പിനായി വൈപ്പിൻ മേഖലയെ മൂന്ന് സോണുകളാക്കി തിരിച്ചിരിക്കുന്നു.

| | | |
|---|---|---|
| സോൺ - I | - | എളങ്കുന്നപ്പുഴ |
| സോൺ - II | - | ഞാറയ്ക്കൽ |
| സോൺ - III | - | നായരമ്പലം |

19 കരാർ പാക്കേജുകളാണ് ഈ '3' സോണുകളിലെയും പണികൾ നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ '15' പാക്കേജുകൾ വിതരണ ശൃംഖലയുടെതാണ്. സോൺ - I ൽ ഉള്ള 4 വിതരണ ശൃംഖലയുടെ പാക്കേജുകളുടെ പണികൾ നടന്നു വരുന്നു. സോൺ- II ൽ ഉൾപ്പെടുന്ന 5 വിതരണ ശൃംഖലയുടെ ടെണ്ടറുകൾ അന്തിമ തീരുമാനത്തിനായി ബോർഡ് മീറ്റിംഗിൽ വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിതരണ ശൃംഖലയുടെ സോൺ- III ൽ ഉൾപ്പെടുന്ന 6 പാക്കേജുകളുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു.

(ബി) നിർമ്മാണം എന്ന് ആരംഭിച്ചു. എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) സോൺ- I ന്റെ പണികൾ 1/2010 ൽ ആരംഭിച്ചു. ബാക്കി ജോലികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി. പദ്ധതി 2012 ഓടെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ